**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1232** **18-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിദ്യാഭ്യാസനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . വിൻസെൻറ് | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസനയത്തിലെ ഏതൊക്കെ നിബന്ധനകൾ പിൻവലിക്കണമെന്നാണ് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്; | (എ) | കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ കരട് ദേശീയവിദ്യാഭ്യാസ നയം അമിതമായ കേന്ദ്രീകരണത്തിനും അതുവഴി ഫെഡറൽ സംവിധാനത്തിനകത്ത് സംസ്ഥാനങ്ങളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റത്തിലേക്കും നയിക്കുമെന്നും ആയതിനാൽ സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റം ഒഴിവാക്കണമെന്നും, സാർവ്വത്രീകവും സൗജന്യവുമായ വിദ്യാഭ്യാസം 6 വയസ്സ് മുതൽ 14 വയസ്സു വരെ കുട്ടികളുടെ അവകാശമാക്കി മാറ്റിയ 2009ലെ വിദ്യാഭ്യാസാവകാശനയത്തെ ദുർബല പ്പെട്ടുത്തുമെന്നും, സ്കൂൾ വിദ്യാഭ്യാസരംഗത്ത് സ്വകാര്യ കച്ചവടതാൽപ്പര്യങ്ങൾ പ്രബല മാക്കുമെന്നും, ബഹുസ്വരതയെ ദോഷകരമായി ബാധിക്കുന്ന അംശങ്ങൾ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലുണ്ടെന്നും, മതനിരപേക്ഷതയെ ക്കുറിച്ച് പരാമർശമേയില്ലായെന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിരുന്നു. കൂടാതെ പുതിയ വിദ്യാഭ്യാസനയം സാമൂഹികനീതിയെ പ്രോത്സാഹിപ്പിക്കുന്നില്ലായെന്നും ഇക്കാര്യങ്ങളെല്ലാം പുന:പരി ശോധിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു |
| (ബി) | പ്രസ്തുത ആവശ്യങ്ങളിൽ ഏതെല്ലാം കേന്ദ്രസർക്കാർ അംഗീകരിച്ചു; | (ബി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല. |
| (സി) | കേന്ദ്ര വിദ്യാഭ്യാസനയം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അത് പ്രകാരമുള്ള എന്തൊക്കെ നടപടികളാണ് സംസ്ഥാനത്ത് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്രസർക്കാർ 2020 ജൂലൈ 29ന് പുതിയ ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പരിശോധന നടത്താൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ